**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്- പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടം അമ്പതാം വാർഷികാഘോഷ പ്രോജക്റ്റ്- -ഓഡിറ്റ് തടസ്സപ്പെടുത്തിയ 57007/- രൂപയ്ക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം. 1099 /2019/തസ്വഭവ. തിരുവനന്തപുരം, തീയതി: 30/05/2019

---

പരാമർശം:
1. സംസ്ഥാന ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ച തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.13
2. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 31/01/2019 ലെ 2(എ)9 നമ്പർ തീരുമാനം
3. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 14/03/2019 ലെ-ഇ 4 3262/15/TDP നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിനു കീഴിലുള്ള പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടത്തിന്റെ അമ്പതാം വാർഷികാഘോഷവുമായി ബന്ധപ്പെട്ട് 2014-15 സാമ്പത്തിക വർഷം ജില്ലാ കൃഷിത്തോട്ടം സൂപ്രണ്ട് നിർവഹണ ഉദ്യോഗസ്ഥനായി 10 ലക്ഷം രൂപ വകയിരുത്തി 118/ 2015 നമ്പർ പ്രോജക്റ്റ് രൂപീകരിക്കുകയുണ്ടായി.പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടത്തിന്റെ വാർഷികാഘോഷവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളാണ് ഈ പ്രോജക്റ്റിൽ ഉൾപ്പെട്ടിരുന്നത്. ഈ പ്രോജക്റ്റിൽ ഉൾപ്പെടുത്തി കൃഷിത്തോട്ടത്തിലെ ജീവനക്കാർക്ക് യൂണിഫോം വാങ്ങുന്നതിനായി ചെലവഴിച്ച ₹ 57007/-( അമ്പത്തി ഏഴായിരത്തി ഏഴുരൂപ മാത്രം ) ഓഡിറ്റ് തടസ്സപ്പെടുത്തുകയുണ്ടായി.ഈ പരാമർശത്തിന് സാധൂകരണം ലഭ്യമാക്കണമെന്ന് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം(3)പ്രകാരം അപേക്ഷിച്ചിരുന്നു

2) ഫാമിലെ ജീവനക്കാരുടെ /തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ കൃഷി വകുപ്പിൽ നിക്ഷിപ്തമായിരിക്കെ കൃഷി വകുപ്പ് ജീവനക്കാർക്ക് വേണ്ടി യൂണിഫോം വാങ്ങി നൽകിയ ജില്ലാ പഞ്ചായത്ത് നടപടി അംഗീകരിക്കാൻ കഴിയില്ല എന്ന കാരണത്താലാണ് ഓഡിറ്റ് പ്രസ്തുത ചെലവ് നിരാകരിച്ചത് .

3) പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടത്തിന്റെ അമ്പതാം വാർഷികാഘോഷവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ അംഗീകൃത പ്രോജക്റ്റിൽ ഉൾപ്പെട്ടിരുന്ന ഒരു ഘടകമായിരുന്നു യൂണിഫോം വിതരണം എന്നും, അതിനാലാണ് ഈയിനത്തിൽ വികസന ഫണ്ട് ചെലവഴിക്കുന്ന സാഹചര്യം ഉണ്ടായതെന്നും നിർവഹണ ഉദ്യോഗസ്ഥൻ വിശദീകരിക്കുകയുണ്ടായി.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. കൃഷി വകുപ്പ് ജീവനക്കാർക്ക് വേണ്ടി യൂണിഫോം വിതരണത്തിനായി പ്രോജക്ടുകൾ രൂപീകരിക്കുന്നത് പദ്ധതി മാർഗരേഖപ്രകാരം അനുവദനീയമല്ല. എന്നാൽ പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടത്തിന്റെ അമ്പതാം വാർഷികാഘോഷവുമായി ബന്ധപ്പെട്ട് പ്രത്യേക സാഹചര്യത്തിൽ നടപ്പിലാക്കിയ സമഗ്രപദ്ധതിയിലെ ഒരു ഘടകമായിരുന്നു യൂണിഫോം വിതരണം എന്നതിനാലും, ഗുണഭോക്താക്കളായ കൃഷിഫാമിലെ ജീവനക്കാർക്ക് ഇതിന്റെ പൂർണ്ണമായ ഗുണം ലഭിച്ചിട്ടുള്ളതിനാലും, യൂണിഫോം വാങ്ങിയതുമായി ബന്ധപ്പെട്ട് മറ്റ് അപാകതകളൊന്നും ഉണ്ടായതായി ഓഡിറ്റ് കണ്ടെത്തിയിട്ടില്ലാത്തതിനാലും, സംസ്ഥാന ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ച തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.13 ൽ ഉൾപ്പെട്ട, പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടത്തിലെ ജീവനക്കാർക്ക് യൂണിഫോം വാങ്ങുന്നതിനായി ₹ 57007/-( അമ്പത്തി ഏഴായിരത്തി ഏഴുരൂപ മാത്രം ) ചെലവഴിച്ച നിർവഹണ ഉദ്യോഗസ്ഥന്റെ നടപടിക്ക് മാത്രം സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
വി.എസ്.സന്തോഷ് .
ഗവൺമെന്റ് അണ്ടർ സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്.
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.കെ.എം,തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.